## ശ്രദ്ധക്ഷണിക്കൽ

### പ്രധാൻമന്ത്രി ഗ്രാമ സഡക് യോജന പ്രകാരമുള്ള നിർമ്മാണ പ്രവൃത്തികൾ

ശ്രീ. എ.കെ. ശശീന്ദ്രൻ: സർ, ഇന്ത്യയിലെ ഗ്രാമീണതല റോഡുകൾ മെച്ചപ്പെട്ടതാക്കി മാറ്റുന്നതിനുള്ള കേന്ദ്രഗവൺമെന്റിന്റെ പദ്ധതിയാണ് 'പ്രധാൻമന്ത്രി ഗ്രാമ സഡക് യോജന'. കഴിഞ്ഞ കുറേ വർഷങ്ങളായി പല കാരണങ്ങളാൽ നമ്മുടെ സംസ്ഥാനത്ത് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നില്ല. അതിന് പ്രധാന കാരണമായി പറയുന്നത് പ്രസ്തുത പ്രവൃത്തികൾ നടത്തുന്നതിന് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ കർശനമായ നിബന്ധനകൾ നിർദ്ദേശിച്ചിട്ടുണ്ട് എന്നതാണ്. മാത്രമല്ല, ഏറ്റവും ഒടുവിലായി സംസ്ഥാനത്ത് ടെൻഡർ വച്ച 230 റോഡുകളുടെ ടെൻഡർ ജൂൺ മാസം 30-ാം തീയതിയാണ് അവസാനിച്ചത്. അതിൽ ആകെ 50 റോഡുകളുടെ പ്രവൃത്തി ഏറ്റെടുക്കാൻ മാത്രമാണ് കരാറുകാർ തയ്യാറായി മുന്നോട്ടുവന്നിട്ടുള്ളത്. അതിനർത്ഥം 430 കോടി രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുത്തുനടത്താൻ കരാറുകാർ തയ്യാറാകുന്നില്ല എന്നാണ്. അതിന് അവർ പറയുന്ന കാരണം വ്യവസ്ഥകളിലെ അപര്യാപ്തതയും കാർക്കശ്യവുമാണ്. മറ്റൊന്ന്, ടെണ്ടർ നടപടികളിലും റോഡ് തെരഞ്ഞെടുക്കുന്നതിലും നിർണ്ണയിക്കുന്നതിലുമുണ്ടാകുന്ന കാലതാമസമാണ്. ഈ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് തികച്ചും അശാസ്ത്രീയമായ രീതിയിലാണെന്നു മാത്രമല്ല കാലഹരണപ്പെട്ട നിരക്കാണ് ഇതിന് നിശ്ചയിച്ചിട്ടുള്ളത് എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. പി.ഡബ്ല്യു.ഡി. നിരക്കുപോലെ കാലോചിതമായി ഈ നിരക്കുകൾ പരിഷ്കരിക്കണമെന്ന ആവശ്യം ഇനിയും പരിഗണിക്കപ്പെട്ടിട്ടില്ല എന്നാണ് ഉയർന്നുവരുന്ന മറ്റൊരു പരാതി. ഈ പരാതികൾ ഉയർന്നുവന്നതിനെത്തുടർന്ന് എസ്റ്റിമേറ്റ് തുകയുടെ 40 ശതമാനം വരെ

വർദ്ധിപ്പിച്ചുനൽകാമെന്ന് സംസ്ഥാനഗവൺമെന്റ് തീരുമാനിച്ചിരുന്നു എന്നൊരു പ്രഖ്യാപനം നിയമസഭയിൽ നടന്നിരുന്നു. എന്നിട്ടുപോലും അതൊന്നും ഏറ്റെടുക്കാൻ കരാറുകാർ തയ്യാറാകാത്തത് യഥാർത്ഥ നിരക്കും സർക്കാർ അംഗീകരിച്ച നിരക്കും തമ്മിലുള്ള അജഗജാന്തരവ്യത്യാസമാണ് എന്ന് ചൂണ്ടിക്കാണിക്കപ്പെടുകയാണ്. അതുപോലെതന്നെ പ്രവൃത്തികൾ തയ്യാറാക്കുന്നതിലുള്ള കാലതാമസം വളരെ പ്രധാനമാണ്. ഒരു കോർ നെറ്റ് ഉണ്ടാക്കി അതിന് എസ്റ്റിമേറ്റ് വിളിച്ച് തയ്യാറാക്കി, സംസ്ഥാനതല കമ്മിറ്റി അംഗീകരിച്ചു വരുമ്പോഴേയ്ക്കും ഏതാണ്ട് ഒരു കൊല്ലത്തെ കാലതാമസമുണ്ടാകുന്നുണ്ട്. അങ്ങനെ വരുമ്പോൾത്തന്നെ ഒരു കൊല്ലം പഴകിയ എസ്റ്റിമേറ്റ് വച്ചാണ് ഇപ്പോൾ ടെണ്ടർ നിശ്ചയിക്കപ്പെടുന്നത്. ഈ കാലതാമസം ഒഴിവാക്കാനുള്ള നടപടികൾകൂടി ആവശ്യമാണ്. അതുപോലെ തന്നെ റോഡുകളുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ച് ജനപ്രതിനിധികൾ ഇപ്പോഴും ഒരു മറയ്ക്കുള്ളിലാണ്. ആർക്കും അതറിയില്ല. ഏതൊക്കെ റോഡുകളാണ് സെലക്ട് ചെയ്യുന്നത്; ആരാണ് അതിന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്; ആരാണ് അതിന് അന്തിമരൂപം നൽകുന്നത്; ഏത് റോഡാണ് സെലക്ട് ചെയ്യുന്നത്; ഇവിടത്തെ ജനപ്രതിനിധികൾക്കെല്ലാം കൃത്യമായി അവനവന്റെ മണ്ഡലത്തിൽ നടക്കുന്ന അത്തരം പ്രവൃത്തിയെക്കുറിച്ച് ധാരണ ഉണ്ടോ എന്നെനിക്കറിയില്ല. ഏതായാലും ഞങ്ങളുടെ മണ്ഡലത്തിൽ അത്തരമൊരു കാര്യമില്ല എന്നു മാത്രമേ എനിക്ക് പറയാൻ സാധിക്കൂ. എല്ലാവരുടെയും കാര്യം എനിക്ക് അടച്ചാക്ഷേപിക്കാൻ കഴിയില്ല. പക്ഷെ തികഞ്ഞ അജ്ഞതയാണ് ജനപ്രതിനിധികൾക്ക് ഇക്കാര്യത്തിലുള്ളത്. അതുകൊണ്ട് നടപടികൾ സുതാര്യമാക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനും നടപടികൾ സ്വീകരിക്കണം. എത്രയുംവേഗം ആറ് മാസത്തിനകമെങ്കിലും റോഡുകളുടെ തെരഞ്ഞെടുപ്പും കോർനെറ്റ് തയ്യാറാക്കലും എസ്റ്റിമേറ്റ് തയ്യാറാക്കലും സ്റ്റേറ്റ് ലെവൽ കമ്മിറ്റി (ചീഫ് സെക്രട്ടറി കൺവീനറായ ഒരു കമ്മിറ്റി എന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്) അതിന്മേൽ ഒരു തീരുമാനമെടുകാകനും

റേറ്റുകളിൽ പരിഷ്കാരമുണ്ടാക്കാനും ശ്രമിച്ചുകൊണ്ട് ഈ പദ്ധതിയുടെ പ്രയോജനം കേരളത്തിലെ ജനങ്ങൾക്ക് ലഭിക്കത്തക്കവിധത്തിലുള്ള നടപടിക്രമങ്ങൾ സ്വീകരിക്കണമെന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഞാൻ ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിക്കുന്നത്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ബഹുമാന്യനായ മെമ്പർ ശ്രീ.എ.കെ. ശശീന്ദ്രൻ ഉന്നയിച്ച കാര്യം വളരെയേറെ ഗൗരവമേറിയ വിഷയമാണ്. പക്ഷേ അദ്ദേഹം പറഞ്ഞ പലകാര്യങ്ങളും വസ്തുതാപരമല്ല. കാരണം, കോർ നെറ്റ്വർക്ക് തയ്യാറാക്കിയത് ഈ ഗവൺമെന്റല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തയ്യാറാക്കി അംഗികരിച്ച കോർ നെറ്റ്വർക്കിന്റെ അടിസ്ഥാനത്തിലാണ് പ്രവൃത്തികൾ ആരംഭിച്ചത്. കേരളത്തിൽ ഏഴ് ഘട്ടം റോഡുകളാണ് ഇപ്പോൾ എത്തിനിൽക്കുന്നത്. ഏഴ് ഘട്ടം റോഡുകളും 2010-ൽ പൂർത്തിയാക്കേണ്ടതായിരുന്നു. നിർഭാഗ്യവശാൽ അവ പൂർത്തിയാക്കാൻ സാധിച്ചില്ല. അതിന്റെ ഉത്തവാദിത്തവും ഈ ഗവൺമെന്റിനല്ല. രണ്ടാമത്തെ ഫെയ്സ് മുതൽ ആറാമത്തെ ഫെയ്സ് വരെ 45 റോഡുകളുടെ പണി മുടങ്ങി. ഏഴാമത്തെ ഫെയ്സിൽ 258 റോഡുകളുടെ പണി മുടങ്ങി. ഞങ്ങൾ അധികാരത്തിൽ വരുമ്പോൾ ആകെ 303 റോഡുകളുടെ പണി മുടങ്ങിക്കിടക്കുകയായിരുന്നു. 2008-ലെ ഷെഡ്യൂളാണ് തയ്യാറാക്കിയിരുന്നത്. പി.ഡബ്ല്യൂ.ഡി.-ടെ ടെണ്ടർ എക്സസ് കൊടുത്താൽ മാത്രമേ ഈ വർക്ക് ചെയ്യാൻ കോൺട്രാക്ടർമാർ തയ്യാറാകുകയുള്ളു എന്ന് നിയമസഭയിൽ ബഹുമാന്യനായ ശ്രീ. ആര്യാടൻ മുഹമ്മദ് പലവട്ടം ആവശ്യപ്പെട്ടതാണ്. അന്ന് സമ്മതിച്ചില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ പി.എം.ജി.എസ്.വൈ. റോഡ് വളരെയേറെ ഗുണനിലവാരം വേണ്ട റോഡുകളാണ്. അത് നമുക്ക് ഒഴിവാക്കാൻ സാധിക്കില്ല. കർശനമായ ക്വാളിറ്റി നിയന്ത്രണം കേന്ദ്രഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് നല്ല റോഡുക

ളാണ് പി.എം.ജി.എസ്.വൈ. മുഖേന പൂർത്തിയാക്കുന്നത്. നല്ല റോഡുകൾ പൂർത്തിയാക്കുമ്പോൾ സ്വാഭാവികമായും ന്യായമായ റേറ്റ് കൊടുക്കാൻ തയ്യാറാകണം. അത് കൊടുക്കാതിരുന്നതുകൊണ്ടാണ് വർക്ക് ആരംഭിക്കാൻ സാധിക്കാത്തത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 303 റോഡുകൾ ടെണ്ടർ ചെയ്തിട്ട് 07/01/2012-ൽ 51 വർക്കിന് ടെണ്ടർ ബിഡ് ലഭിച്ചു. 25 ശതമാനം ടെണ്ടർ എക്സസ് കൊടുക്കാമെന്ന് പറഞ്ഞിട്ടും വർക്ക് ചെയ്യാൻ അധികം പേരും വന്നില്ല. 27 റോഡുകൾക്ക് 25 ശതമാനം പ്രീമിയം കൊടുത്ത് വർക്ക് അവാർഡ് ചെയ്തു. അന്ന് പറഞ്ഞത് ഇത് പാക്കേജിലാണ് കിടക്കുന്നത്, പാക്കേജ് മാറ്റി സിംഗിളായി വിളിക്കാൻ പറഞ്ഞു. സിംഗിളായി വിളിച്ചിട്ടും 24 റോഡുകൾക്ക് മാത്രമേ കരാറുകാർ ബിഡ് കൊടുത്തുള്ളൂ. ആ 24 റോഡുകൾക്ക് 35 ശതമാനം ടെണ്ടർ പ്രീമിയം കൊടുത്തിട്ടും രണ്ടുപേരേ വർക്ക് എടുക്കുന്നുള്ളൂ. അതിന് കാരണം 2008-ലെ റേറ്റിലാണ് ആദ്യം ടെണ്ടർ വിളിച്ചത്. ഈ ഗവൺമെന്റ് അത് റിവൈസ് ചെയ്ത് 2010-ലെ റേറ്റിൽ വിളിക്കാൻ തീരുമാനിച്ചു. ആദ്യം 25 ശതമാനം എക്സസ് കൊടുത്തിട്ട് വർക്ക് എടുക്കുന്നില്ല. 35 ശതമാനത്തിന് കൊടുത്തിട്ടും വർക്ക് എടുക്കുന്നില്ല. ഇപ്പോൾ വീണ്ടും ക്യാബിനറ്റ് തീരുമാനിച്ചിരിക്കുന്നത് പി.ഡബ്ല്യൂ.ഡി. കൊടുത്ത 42 ശതമാനം എക്സസ് കൊടുക്കാനാണ്. ഇവിടെ ഉന്നയിച്ചതുപോലെ 42 ശതമാനം എക്സസ് കൊടുക്കാൻ പോകുകയാണ്. ആ രീതിയിൽ വിളിച്ചുകഴിഞ്ഞു. അതിന്റെ ലാസ്റ്റ് ഡേറ്റ് വരുന്നത് ആഗസ്റ്റ് മാസം 10-ാം തീയതിയാണ്. 2010-ലെ ഷെഡ്യൂളിൽ ടെൻഡർ വിളിച്ചതുകൊണ്ടും 42 ശതമാനം എക്സസ് കൊടുക്കുന്നതുകൊണ്ടും മിക്കവാറും കോൺട്രാക്ടർമാർ വർക്ക് എടുക്കാൻ തയ്യാറാകുമെന്നാണ് എന്റെ പ്രതീക്ഷ. എനിക്ക് എം.എൽ.എ.-മാരോട് ഒരപേക്ഷയുണ്ട്. നമ്മുടെ മണ്ഡലത്തിലെ വർക്കുകൾ ദയവായി ആരെയെങ്കിലും ടെൻഡർ എടുക്കാൻവേണ്ടി പ്രേരി

പ്പിക്കണം. ഗവൺമെന്റിന് ചെയ്യാവുന്നതിലും മാക്സിമം ഗവൺമെന്റ് ചെയ്യുന്നുണ്ട്. ഇനിയും കൂട്ടാൻ നിവൃത്തിയില്ല. നമ്മൾ പ്രേരിപ്പിച്ചാൽ തീർച്ചയായും വർക്കുകൾ നടത്താൻ സാധിക്കും. ഇന്നത്തെ റേറ്റ് ഒരിക്കലും നഷ്ടമാവില്ല. സാമാന്യം നല്ല റേറ്റാണ് കൊടുക്കുന്നത്. അതു കൊണ്ട് അങ്ങനെ ചെയ്യാൻ തയ്യാറായാൽ വർക്ക് നടക്കും. ഇത് അവസാനത്തെ അവസരമാണ്. ദയവായി സഭയിലെ മെമ്പർമാർ തയ്യാറായാൽ 302 വർക്കുകളും നടത്താൻ സാധിക്കും. ഈ വർക്ക് താമസിച്ചതിന്റെ ഉത്തരവാദിത്തം ഞങ്ങൾക്കല്ല. വർക്ക് സെലക്ട് ചെയ്യുന്നതും ഞങ്ങളല്ല. കഴിഞ്ഞ ഗവൺമെന്റ് ചെയ്ത പാപഭാരം ഞങ്ങൾ വഹിക്കുന്നതാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ അതാത് മണ്ഡലത്തിലെ എം.എൽ.എ.- മാർ ശ്രദ്ധിക്കണമെന്ന ഒരു നിർദ്ദേശം വയ്ക്കുകയുണ്ടായി. ഈ റോഡുകൾ ഏതു കാലത്ത് തീരുമാനിച്ചതായാലും എം.എൽ.എ.-മാർ അതാത് മണ്ഡലത്തിലെ ഏത് റോഡാണെന്ന് അറിയുന്നില്ല. അത് ഏത് ഗവൺമെന്റ് എന്നതല്ല പ്രശ്നം. അതറിയണമെങ്കിൽ ജില്ലാതലത്തിൽ ഇത്തരം റോഡുകൾ സംബന്ധിച്ച ഫൈനൽ തീരുമാനം എടുക്കുന്ന സമയത്ത് അത്തരം സമിതികളിൽ എം.എൽ.എ.-മാരെക്കൂടി ഉൾക്കൊള്ളിച്ചാൽ മാത്രമേ സാധിക്കുകയുള്ളൂ. ഇപ്പോൾ നിർദ്ദേശിച്ചതുപോലെ എം.എൽ.എ.-മാർ ഇടപെടണമെങ്കിലും എന്റെ മണ്ഡലത്തിൽ ഏത് റോഡാണെന്ന് അറിയാതെ എങ്ങനെയാണ് ഞാൻ ഇടപെടുന്നത്? അതുകൊണ്ട് അതറിയാനുള്ള ഒരു സംവിധാനം ഉണ്ടാക്കിയാൽ മാത്രമേ അതിലിടപെടാൻ സാധിക്കുകയുള്ളൂ, അതിന് ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. സി. ജോസഫ്: സർ, പുതിയതായി ടെൻഡർ വിളിച്ച എല്ലാ റോഡുകളുടെയും ലിസ്റ്റ് എല്ലാ എം.എൽ.എ.-മാർക്കും കൊടുക്കാം. പക്ഷേ ടെൻഡർ പ്രോസസ് നമ്മൾ ചെയ്യുന്ന ജോലിയല്ല. ഉദ്യോഗ

സ്ഥർ ചെയ്യുന്ന ജോലിയാണ്. എങ്കിലും ലിസ്റ്റ് എല്ലാവർക്കും കൊടുക്കാം. ആ ലിസ്റ്റ് അനുസരിച്ച് എം.എൽ.എ.-മാർക്ക് ഇടപെടാൻ സാധിക്കും.

**മലയാളം സർവ്വകലാശാലയിൽ മുൻഗണന നൽകേണ്ട വിഷയങ്ങൾ**

ശ്രീ. സി. പി. മുഹമ്മദ് : സർ, മലയാള ഭാഷയ്ക്ക് മാത്രമായി ഒരു സർവ്വകലാശാല എന്തിനെന്ന് ചോദിച്ചവരുണ്ട്. എല്ലാ ഭാഷയേയുംപോലെ ഒരു ഭാഷയാണ് മലയാളിക്ക് മലയാളം എന്ന അധമചിന്തയാണ് ഇതിനു കാരണം. മാതൃഭാഷയുമായി ഒരു ജനതയ്ക്കുള്ള ബന്ധം ചരിത്രപരമായി ജൈവബന്ധമാണ്. മറ്റ് ഭാഷകൾ വ്യക്തിപരമായ തലത്തിലാണ് പഠിച്ചെടുക്കുന്നത്. ഒരു ജനത എന്ന നിലയിൽ സമൂഹത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിന്റെ ആത്മനിഷ്ഠതലം അവരുടെ മാതൃഭാഷയുടെ ശേഷിയാണ്. ഇതുവരെ സഞ്ചരിച്ചിട്ടില്ലാത്ത ലോകങ്ങളിലേയ്ക്ക് സഞ്ചരിക്കുന്നതിനുള്ള മൗലികചിന്തയുടെ കല്പനാശേഷിയാണ്. മറ്റ് വസ്തുനിഷ്ടഘടകങ്ങളോടൊപ്പം ഈ ഘടകംകൂടി വികസിക്കുന്നില്ലെങ്കിൽ ആധുനിക സമൂഹമായി മാറുന്നതിൽ മലയാളി ജനത പരാജയപ്പെടും. മലയാളത്തിന് ലോകത്തിൽ ഇരുപത്തിയാറാമത് സ്ഥാനമുണ്ട്. പല യൂറോപ്യൻ ഭാഷകളും മലയാളത്തേക്കാൾ പിറകിലാണ്. ഗ്രീക്ക് ഭാഷ സംസാരിക്കുന്നവരെക്കാൾ കൂടുതൽ സ്വീഡനും ഫിൻലന്റും ഐസ്ലാന്റും ആകെ ചേർന്നാലുള്ള ജനസംഖ്യയെക്കാൾ കൂടുതൽ മലയാളികളുണ്ട്. എന്നാൽ ഈ അംഗീകാരം കേരളീയ സമൂഹം നമ്മുടെ ഭാഷയ്ക്ക് കൊടുത്തിട്ടില്ല. കൊളോണിയൽ സമൂഹം നൽകിയ അധമബോധം ഇപ്പോഴും നമ്മെ പിന്തുടരുകയാണ്. ആഗോളീകൃത ലോകത്തിൽ എവിടെയും മലയാളിക്ക് അവന്റെ സ്വത്വം നിലനിർത്തിയും സാധ്യതകൾ പ്രയോജനപ്പെടുത്തിയും മുന്നേറാനുള്ള ഭാവി സജ്ജീകരണങ്ങൾക്കുള്ള കളമൊരുക്കലാകണം മലയാളം സർവ്വകലാശാല. അന്നന്ന് കണ്ടതിനെ വാഴ്ത്തുകയും പ്രലോഭനത്തിനും ഭീഷണിക്കും മുന്നിൽ മുട്ടുമടക്കുകയും മിത്തുകളിൽ അഭിരമിക്കുകയും തനതായതിനോടൊക്കെ അവജ്ഞപുലർത്തുകയും ചെയ്യുന്ന ശീലം മലയാളിക്കുണ്ട്. മലയാളിയുടെ ജീവിതവുമായി ബന്ധപ്പെട്ട സർവ്വജ്ഞാനമണ്ഡലങ്ങളെയും ഉൾക്കൊള്ളുന്ന നിരവധി പഠനഗവേഷണാധി

പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാൻ കഴിയുന്ന ഉന്നത കേന്ദ്രമാകണം നമ്മുടെ സർവ്വകലാശാല. നമ്മുടെ ചരിത്രവും ദർശനവും ശാസ്ത്രവും സംസ്ക്കാരവും മാത്രമല്ല ആധുനിക വിജ്ഞാനംപോലും മലയാളത്തിൽ പഠിക്കാനും പഠിപ്പിക്കാനും സൗകര്യം വേണം. മലയാളം സർവ്വകലാശാല യെക്കുറിച്ച് രണ്ടുതരം സങ്കൽപ്പങ്ങളുണ്ട്. ഒന്ന്, ഭാഷാ ചരിത്രവും സാങ്കേ തിക തലവും സാഹിത്യവും പഠിപ്പിക്കൽ. രണ്ട്, ശാസ്ത്രവും സാങ്കേതിക ശാസ്ത്രങ്ങളും ഉൾപ്പെടെ എല്ലാ വിഷയങ്ങളും കൈകാര്യം ചെയ്യാൻ കഴി യുന്ന മട്ടിൽ മലയാള ഭാഷയെ വികസിപ്പിക്കുക. ഈയിടെ ഐ.എസ്. ആർ.ഒ. മുൻ ചെയർമാൻ ശ്രീ. മാധവൻ നായർ മെഡിക്കൽ വിദ്യാഭ്യാസം മലയാളത്തിലാക്കണമെന്ന് പറഞ്ഞത് നമ്മളോർക്കണം. ബഹുകൃത ലോകം, ബഹുഭാഷാ ലോകം. വിവിധ ലോകഭാഷാ വിജ്ഞാനങ്ങൾ മല യാളത്തിലേയ്ക്കും മലയാള വിജ്ഞാനങ്ങൾ ലോക ഭാഷകളിലേയ്ക്കും പരിഭാഷപ്പെടുത്തണം. ഇംഗ്ലീഷിന്റെ ഒറ്റ വാതിലിലൂടെ മാത്രമല്ല അനേകം ഭാഷകളുടെ അനേകം കവാടങ്ങളിലൂടെ വിവിധ ജനസമൂഹങ്ങളുമായി കേരളത്തിന് വൈജ്ഞാനിക ബന്ധം ഉറപ്പിക്കാനാകണം ലക്ഷ്യം വയ്ക്കേ ണ്ടത്. ഉന്നത വിദ്യാഭ്യാസം മാതൃഭാഷയിൽ പാടില്ലെന്ന് പറയുന്നവർക്ക് എ.ആർ.രാജരാജവർമ്മ മുമ്പ് മറുപടി പറഞ്ഞിട്ടുണ്ട്. ഈ വക പദങ്ങളെ ഇംഗ്ലീഷിൽ നിന്നു തന്നെ കടം വാങ്ങാം. ശുദ്ധ മലയാളം ഒരു മൗലിക വാദമാക്കേണ്ടതില്ല. ഇംഗ്ലീഷ് ലോകഭാഷയായതിനാൽ ഭാവിമാധ്യമങ്ങ ളുടെ ഭാഷ ഇംഗ്ലീഷാകുമെന്ന് തെറ്റിദ്ധാരണയുണ്ടായിരുന്നു. ടി.വി.-യും കമ്പ്യൂട്ടറും മലയാളം പോലുള്ള ഭാഷകളെ കൊല്ലുമെന്ന തെറ്റിദ്ധാരണ ഉണ്ടായിരുന്നു. സ്റ്റാർ ടി.വി.യെപ്പോലുള്ള ഭീമന്മാർ പ്രദേശിക ഭാഷയിൽ സംപ്രേക്ഷണം തുടങ്ങുകയാണ് ചെയ്തത്. ബിൽഗേറ്റ് കമ്പ്യൂട്ടറിന് മലയാ ളത്തിന് വാതായനമുണ്ടാക്കാൻ ശ്രമിക്കുമ്പോൾ നാം ഇംഗ്ലീഷ് കയറ്റി അയയ്ക്കുന്നു. മാതൃഭാഷ നഷ്ടപ്പെട്ട സമൂഹങ്ങൾ തകരുന്നത് സാംസ്ക്കാരികമായി മാത്രമല്ല സാമ്പത്തികമായിക്കൂടിയാണ്. സാമ്പത്തി കമായി ഉയർന്ന ജപ്പാനും ചൈനയും അവരുടെ മാതൃഭാഷയിലാണ്

ശാസ്ത്രം ഉൾപ്പെടെ എല്ലാ വിജ്ഞാനമേഖലയിലും പഠനം നടത്തുന്നത്. പിന്നോക്ക വിഭാഗങ്ങളിൽ നിന്ന് വരുന്ന കുട്ടികൾ ഉപരി പഠനത്തിന് ശാസ്ത്ര വിഷയങ്ങളിൽ തോൽക്കുന്നത് ഗവേഷണ പ്രബന്ധമടക്കം ഇംഗ്ലീഷിൽ എഴുതി ഫലിപ്പിക്കാൻ കഴിവില്ലാത്തതുകൊണ്ടാണ്. അതു കൊണ്ട് ഇതൊരു സാമൂഹ്യ നീതിയുടെ പ്രശ്നം കൂടിയാണ്. മലയാള ഭാഷയിലൂടെ ലോകവിജ്ഞാനം ആർജ്ജിക്കുന്നതോടൊപ്പം അതാത് മേഖ ലകളിൽ കേരളത്തിന്റെ വിഭവങ്ങൾ, വികസന സാധ്യതകൾ എന്തെന്ന് ആരായുന്ന ഗവേഷണങ്ങൾക്ക് പ്രമുഖ സ്ഥാനം ഉണ്ടാകണം. പല വിക സന മാതൃകകളും കേരളത്തിന്റെ പരിസ്ഥിതിക്ക് ഇണങ്ങുന്ന സാങ്കേതിക വിദ്യകളും വികസിപ്പിക്കൽ ലക്ഷ്യമാക്കണം. സാംസ്ക്കാരിക ഉല്പന്ന ങ്ങൾ നഷ്ടപ്പെടരുത്. നമ്മുടെ വൈജ്ഞാനിക പാരമ്പര്യവും സാംസ്ക്കാ രിക വൈവിദ്ധ്യവും നാടോടി സംസ്ക്കാരത്തിന്റെ തിരുശേഷിപ്പുകളും പഠനവിധേയമാക്കണം. തർജ്ജമ പ്രസിദ്ധീകരണ വിഭാഗം വേണം. ഫാക്കൽറ്റികളായി മലയാളം, ഭാഷാ ശാസ്ത്രം, ദ്രാവിഡ ഭാഷകൾ, പ്രാചീന ഇന്ത്യൻ ഭാഷകൾ, സംസ്കൃതം, പ്രാകൃതം, മറ്റ് ഇന്ത്യൻ ഭാഷ കൾ, ഏഴ് യൂറോപ്യൻ ഭാഷകൾ, ആഫ്രിക്കൻ, തെക്കേ-അമേരിക്കൻ ഭാഷകൾ, പ്രകൃതി ശാസ്ത്രങ്ങൾ, വിവര സാങ്കേതിക വിദ്യ, സാങ്കേതിക ശാസ്ത്രങ്ങൾ, മാധ്യമ പഠനങ്ങൾ, കലയും സൗന്ദര്യ ശാത്രവും, നാട്ടറിവു കൾ, അന്തർദ്ദേശീയ മലയാള ജേർണൽ എന്നിവയെല്ലാം സർവ്വകലാശാല യ്ക്കുണ്ടാകണം. വിഭവവികസന സ്ക്കൂൾ, തർജ്ജമ സ്ക്കൂൾ, താരതമ്യ പഠനങ്ങൾക്കുള്ള സ്ക്കൂൾ, അതിഥി പ്രവാസി സ്ക്കൂൾ, അതിഥി പ്രവാസി ഭാഷാപഠനങ്ങൾ, ഭാഷാ നിഘണ്ടു വിജ്ഞാനകോശം കോഴ്സു കൾ ബി.എ., എം.എ., എം.ഫിൽ., പി.എച്ച്.ഡി. ഒപ്പം സർട്ടിഫിക്കറ്റ് ഡിപ്ലോ മ, വിദൂര ഓൺലൈൻ, പ്രത്യേകിച്ച് വിദേശ മലയാളികൾക്ക് വിശാലമായ കാമ്പസ് ഇതെല്ലാം വേണം. അല്ലാതെ ചുരുങ്ങിയ സ്ഥലത്ത് മലയാള സർവ്വകലാശാല കേരളത്തിലും തുടങ്ങി എന്ന് വരുത്താനായിരിക്കരുത് മലയാള സർവ്വകലാശാല എന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഈ കാര്യം

ഗവൺമെന്റ് ഗൗരവമായി പരിഗണിക്കണം. ഒരു സർവ്വകലാശാല തുടങ്ങി എന്നുള്ളതിനെക്കാൾ ഏറെ ആ സർവ്വകലാശാല കേരളത്തിന്റെയും മലയാളികളുടെയും അഭിമാനമായി മാറണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, മലയാള സർവ്വകലാശാല കേരളത്തിൽ യാഥാർത്ഥ്യമാകാൻ പോവുകയാണെന്നത് ഈ സർക്കാരിനും കേരള ജനതയ്ക്കും ലോകമെമ്പാടുമുള്ള മലയളികൾക്കും മലയാള ഭാഷാ സ്നേഹികൾക്കും അഭിമാനകരമാണ്. മലയാള ഭാഷയുടെ പിതാവായ തുഞ്ചത്ത് എഴുത്തച്ഛന്റെ ജന്മനാടായ തിരൂരിലാണ് സർവ്വകലാശാല പ്രവർത്തിച്ചുതുടങ്ങാൻ പോകുന്നത്. ഭാഷാടിസ്ഥാനത്തിലാണ് ഇന്ത്യയിൽ സംസ്ഥാനങ്ങൾ രൂപം കൊണ്ടിട്ടുള്ളത്. നമുക്ക് മുമ്പ് തന്നെ ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളും സ്വന്തം ഭാഷയുടെ ഉന്നമനവും വികാസവും സാംസ്ക്കാരിക വളർച്ചയും ലക്ഷ്യമിട്ടുകൊണ്ട് അതാത് ഭാഷയിൽ സർവ്വകലാശാലകൾ സ്ഥാപിച്ചിട്ടുണ്ട്. ഉൽകൃഷ്ട സംസ്ക്കാരത്തിൽ ഊറ്റം കൊള്ളുന്ന മലയാളിക്ക് മലയാളം സർവ്വകലാശാല ഇത്രയുംകാലം സ്വപ്നം മാത്രമായിരുന്നു. ഇന്ന് അത് യാഥാർത്ഥ്യത്തിലേയ്ക്ക് അതിവേഗം നടന്നടുക്കുകയാണ്. ആധുനിക മലയാള ഭാഷയുടെ പിതാവായ തുഞ്ചത്ത് രാമാനുജൻ എഴത്തച്ഛന്റെ നാമധേയത്തിൽ മലയാളം സർവ്വകലാശാല സ്ഥാപിക്കുന്നതുസംബന്ധിച്ച് സ്പെഷ്യൽ ആഫീസറായി ചീഫ് സെക്രട്ടറി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് അംഗീകരിക്കേണ്ടതായിട്ടുണ്ട്; ആയതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. ഭാഷയിലും സംസ്ക്കാരത്തിലുമുള്ള സാരവത്തായ പഠനത്തിനും ഗവേഷണത്തിനും കളമൊരുക്കുക വഴി നമ്മുടെ മാതൃഭാഷയെ അനശ്വരമാക്കുക എന്ന ലക്ഷ്യത്തോടെയാണ് മലയാള സർവ്വകലാശാല സ്ഥാപിക്കുന്നത്. ഇത് മലയാളികളുടെ ആത്മാഭിമാനത്തിന്റെ പ്രതീകം കൂടിയാണ്. മറ്റ് സർവ്വകലാശാലകളിൽ പഠിപ്പിക്കുന്ന ബി.എ., എം.എ. കോഴ്സുകൾ നിർദ്ദിഷ്ട സർവ്വ

കലാശാലയിൽ ആവർത്തിക്കുന്നതിൽ അർത്ഥമില്ല. പകരം ഗവേഷണത്തിനാണ് പ്രാമുഖ്യം നൽകേണ്ടത്. അതിന്റെ അടിസ്ഥാനത്തിൽ എം.ഫിൽ., പി.എച്ച്.ഡി.പോലുള്ള കോഴ്സുകൾ മലയാളം സർവ്വകലാശാലയിൽ ആരംഭിക്കാനുള്ള സൗകര്യം ഒരുക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. മലയാള ഭാഷയും സാഹിത്യവും മാത്രമല്ല, കേരളത്തിന്റെ വൈജ്ഞാനിക സാംസ്ക്കാരിക മേഖലകളെക്കുറിച്ചുള്ള ഗൗരവപൂർണ്ണമായ പഠന ഗവേഷണങ്ങൾക്ക് സൗകര്യം സൃഷ്ടിക്കുക, മലയാള ഭാഷയെ കമ്പ്യൂട്ടർ ഇന്റർനെറ്റ് സാങ്കേതിക മേഖലയുമായി സംയോജിപ്പിക്കുന്നതിനുള്ള ഗവേഷണങ്ങൾക്ക് പ്രാധാന്യം നൽകുക, കേരളത്തിന്റെ ഭൂതകാലം മാത്രമല്ല, വർത്തമാന-ഭാവി കാര്യങ്ങളെക്കുറിച്ചുള്ള പഠനത്തിനും നിരീക്ഷണത്തിനും ഗവേഷണത്തിനും കളമൊരുക്കുക എന്നീ കാര്യങ്ങൾക്കാണ് പ്രധാനമായും മലയാള സർവ്വകലാശാല ഊന്നൽ നൽകുന്നത്. മലയാള സർവ്വകലാശാല യാഥാർത്ഥ്യമാകുന്നതോടെ ആധുനിക സാങ്കേതിക മികവുകൊണ്ട് ലോകമെമ്പാടും നമ്മുടെ മാതൃഭാഷയും സാഹിത്യവും സംസ്ക്കാരവും കൂടുതൽ അറിയാനും പരിചിതമാകാനും അവസരങ്ങളൊരുങ്ങും. നമുക്ക് ജീവവായുപോലെ, ജീവജലം പോലെ പ്രാധാന്യമുള്ളതാണ് മാതൃഭാഷ. അതിന്റെ പേരിൽ സ്ഥാപിതമാകുന്ന സർവ്വകലാശാല മലയാളികളിലുണ്ടാകുന്ന വൈകാരികമായ എല്ലാ ഉണർവിനും വളർച്ചയ്ക്കും പര്യാപ്തവും പ്രയോജനവുമാകും. ഇവിടത്തെ കോഴ്സുകൾ ലോക നിലവാരത്തിൽ അംഗീകാരം ലഭ്യമാകുന്ന തരത്തിലുള്ളതാക്കാൻ പ്രയത്നവുമുണ്ടാകും. ഇന്ത്യക്ക് അഭിമാനമായ മലയാളം അങ്ങനെ ലോക ജനതയക്ക് സ്വന്തമാകും. ഇതൊരു സാർവ്വദേശീയ അംഗീകൃത ഭാഷയായി പരിലസിക്കുമെന്നാണ് ഇത്തരുണത്തിൽ എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. സി.പി.മുഹമ്മദ് : സർ, മലയാള സമിതി, മലയാള സംരക്ഷണ വേദി, ബഹുമന്യനായ ഒ.എൻ.വി.കുറുപ്പ്, സുഗതകുമാരി ടീച്ചർ അടക്കമു

ളളവരുമായി ചർച്ച ചെയ്തതിനുശേഷമാണ് ഞാൻ ഈ നിർദ്ദേശം ഇവിടെ അവതരിപ്പിച്ചത്. ഈ സംഘടനകളെല്ലാം അവരുടെ സ്വന്തം വക നിർദ്ദേശങ്ങൾ ഗവൺമെന്റിന് നൽകിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പരിപൂർണ്ണമായി അംഗീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ് : സർ, നേരത്തേ പറഞ്ഞതുപോലെ കാര്യങ്ങൾ തുടങ്ങാൻവേണ്ടി സ്പെഷ്യൽ ആഫീസറെ നിയമിക്കാൻ പോവുകയാണ്. ആ സമയത്ത് ഇവിടെ പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളും വിശദമായി പരിശോധിക്കാൻ ആവശ്യപ്പെടും.

(സബ്മിഷൻ)

* * * * * * * * * * * * * * *